Camlin Page
Date / /

ക്ലാസ്സ് 4 **വൈദ്യുതിയുടെ ലോകം.**

## പഠന ലക്ഷ്യങ്ങൾ

1. നിരീക്ഷണം, അനുഭവ വിശകലനം, റഫറൻസ് എന്നിവയിലൂടെ വൈദ്യുത സ്രോതസ്സുകളെക്കുറിച്ച് വിവരം ശേഖരിക്കുന്നതിനും നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന വിവിധ തരം വൈദ്യുത സ്രോതസ്സുകളെ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നതിനും.

2. സെല്ലുകളും ബാറ്ററികളും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുകയും ചിത്രീകരിക്കുകയും ചെയ്യുന്നതിന്.

## പടവുകൾ

1. നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന ചെറു ഉപകരണങ്ങളായ ടിവിയുടെ റിമോട്ട്, ക്ലോക്ക്, കളിപ്പാട്ടങ്ങൾ, കാൽക്കുലേറ്റർ മുതലായവ നിരീക്ഷിച്ച് വൈദ്യുത സ്രോതസ്സ് ഏതാണെന്ന് കണ്ടെത്തുന്നു.

2. ഈ വൈദ്യുത സ്രോതസുകളുടെ സവിശേഷതകൾ, ഉപയോഗ രീതി എന്നിവ കണ്ടെത്തുന്നു.

3. വൈദ്യുത സ്രോതസ്സുകളെ റീചാർജ് ചെയ്യാൻ കഴിയുന്നവയും കഴിയാത്തവയും എന്ന രീതിയിൽ

തരം തിരിക്കുകയും അപഗ്രഥിച്ച് നിഗമനത്തിൽ എത്തുകയും ചെയ്യുന്നു.

4. സെല്ലുകളും ബാറ്ററികളും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുകയും ശരിയായ രീതിയിൽ ചിത്രീകരിക്കാൻ സാധിക്കുകയും ചെയ്യുന്നു.

5. സെല്ലുകളും ബാറ്ററികളും ഉപയോഗിക്കുന്ന സന്ദർഭങ്ങൾ വേർതിരിച്ചു മനസ്സിലാക്കുന്നു.

**ആശയങ്ങൾ:**

> വൈദ്യുത സെല്ല്
> ബാറ്ററി
> റീചാർജ് ചെയ്യാൻ കഴിയുന്നവ
> റീചാർജ് ചെയ്യാൻ കഴിയാത്തവ

**വിലയിരുത്തൽ പ്രശ്നം:**


ബാറ്ററിയും സെല്ലും തമ്മിലുള്ള വ്യത്യാസം എന്താണ്? നിത്യജീവിതത്തിൽ സെൽ / ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണങ്ങൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുക? ഇവയിൽ റീചാർജ് ചെയ്തു ഉപയോഗിക്കാൻ കഴിയുന്നവ ഏതൊക്കെയാണ്? റീചാർജ് ചെയ്യാൻ കഴിയാത്തവ ഏതൊക്കെയാണ്?


## വിലയിരുത്തൽ സൂചകങ്ങൾ

1. ബാറ്ററിയും സെല്ലും തമ്മിലുള്ള വ്യത്യാസം കണ്ടെത്തിയിട്ടുണ്ട്.
2. സെൽ / ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണങ്ങൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തിയിട്ടുണ്ട്.
3. റീചാർജ്ജ് ചെയ്യുന്നവയും ചെയ്യാത്തവയും വേർതിരിച്ച് എഴുതിയിട്ടുണ്ട്.

## മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ (MCQ)

1. സെല്ലുകൾ ബന്ധിപ്പിക്കുന്ന മൂന്ന് രീതികൾ ചിത്രീകരിച്ചിരിക്കുന്നു. ഇവയിൽ തെറ്റായത് ഏതെന്ന് കണ്ടെത്തുക?

(i) 


(ii) 


(iii) 